7. സംയോജിത തരിശുഭൂമി വികസന പരിപാടി (ഐ.ഡബ്ല്യൂ.ഡി.പി.)
8. ബ്ലോക്ക് ഇൻഫർമേഷൻ സെന്റർ
9. നൂതന പദ്ധതിയുടെ രൂപീകരണവും ബാഹ്യവിദഗ്ദ്ധസേവന വിനിയോഗവും
10. ആർ.ഐ.ഡി.എഫ്. പദ്ധതിയിൽപ്പെടുന്ന റോഡ് നിർമ്മാണ പ്രവൃത്തികൾ
11. അട്ടപ്പാടി പരിസ്ഥിതി പുനഃസ്ഥാപന പദ്ധതി.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾ

1. സ്വർണ്ണജയന്തി ഗ്രാമസ്വറാസ്ഗാർ യോജന (എസ്.ജി.എസ്.വൈ)
2. സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന (സ്ട്രീം 1)
3. സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന (സ്ട്രീം 11)
4. ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ)
5. സമ്പൂർണ്ണ ശുചിത്വ പരിപാടി.
6. പ്രധാനമന്ത്രിയുടെ ഗ്രാമസഡക് യോജന (പി.എം.ജി.എസ്.വൈ)
7. സംയോജിത തരിശുഭൂമി വികസന പരിപാടി (ഐ.ഡബ്ല്യൂ.ഡി.പി.)
8. ആർ.ഐ.ഡി.എഫ്. പദ്ധതിയിൽപ്പെടുന്ന റോഡ് നിർമ്മാണ പ്രവൃത്തികൾ.

സംസ്ഥാനാവിഷ്കൃത പദ്ധതികൾ

1. ബ്ലോക്ക് ഇൻഫർമേഷൻ സെന്റർ
2. നൂതന പദ്ധതിയുടെ രൂപീകരണവും ബാഹ്യവിദഗ്ദ്ധസേവന വിനിയോഗവും

(സി) അതെ.

സെറിഫെഡ് നേരിടുന്ന പ്രതിസന്ധി

140 (2272) ശ്രീ. സാജുപോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സെറിഫെഡ് എന്ന സ്ഥാപനം ഗുരുതരമായ പ്രതിസന്ധിയിലാണെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സെറിഫെഡിന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം അറിയിക്കുമോ ;

(സി) സെറിഫെഡിന് പദ്ധതിയേതര ഫണ്ടിൽനിന്നും പണം ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സെറിഫെഡ് ജീവനക്കാർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മത്സരിക്കാൻ അനുവാദമുണ്ടോ ; സെറിഫെഡ് ജീവനക്കാരിൽ ആരെങ്കിലും മത്സരിച്ച് ജനപ്രതിനിധികളായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ പേരും സ്ഥാപനവും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സെറിഫെഡിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് കേന്ദ്ര സിൽക്ക് ബോർഡും വകുപ്പുതലത്തിലും വിലയിരുത്തൽ നടത്തിയിട്ടുണ്ട്. 2001-2002, 2002-2003 വർഷങ്ങളിൽ സെറികൾച്ചർ പദ്ധതി പ്രവർത്തനത്തിൽ പുരോഗതി ഉണ്ടായിട്ടുണ്ട്.

(സി) ഇല്ല. സെറിഫെഡിലെ ജീവനക്കാരുടെ ശമ്പളത്തിനും മറ്റു ഭരണ ചെലവുകൾക്കും ഇതുവരെ പദ്ധതി വിഹിതത്തിൽ നിന്നുമാണ് തുക അനുവദിച്ചിരുന്നത്. വാർഷിക ബഡ്ജറ്റിൽ പദ്ധതിയേതര ഇനത്തിൽ നാളിതുവരെ തുകയൊന്നും വകയിരുത്തിയിട്ടില്ല.

(ഡി&ഇ) അനുവാദമില്ല. എന്നാൽ തൃശ്ശൂർ ജില്ലയിൽ മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്തിൽ, സെറിഫെഡിലെ ഒരു ഫീൽഡ് അസിസ്റ്റന്റായ ശ്രീ. സി. ജെ. സ്റ്റീഫൻ തെരഞ്ഞെടുപ്പിൽ മത്സരിച്ച് ജനപ്രതിനിധി ആയിട്ടുണ്ട്.

ഖാദി ബോർഡിന്റെ സെയിൽസ് ഔട്ട്‌ലെറ്റുകൾ വഴി അന്യസംസ്ഥാനത്തു നിന്നും വാങ്ങിയ സിൽക്ക് സാരികൾ

141 (2273) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖാദി ബോർഡിന്റെ സെയിൽസ് ഔട്ട് ലെറ്റുകൾ വഴി അന്യസംസ്ഥാനത്തുനിന്നും വാങ്ങിയ സിൽക്ക് സാരികൾ വിൽക്കാറുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ സംസ്ഥാനങ്ങളിൽ നിന്നാണ് വാങ്ങിക്കാറുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(സി) കഴിഞ്ഞ രണ്ടു വർഷങ്ങളിൽ അങ്ങനെ വാങ്ങിയ സിൽക്ക് സാരിയുടെ പർച്ചേസ് കണക്ക് വ്യക്തമാക്കാമോ ;

(ഡി) അപ്രകാരം വാങ്ങിയ എത്ര സാരികൾ വിറ്റു ; എത്ര ബാക്കിയുണ്ട് ; വിൽക്കാതെ ശേഷിക്കുന്നവമൂലം ബോർഡിനുണ്ടായ നഷ്ടം എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ഇ) മുൻകാലങ്ങളിൽ വാങ്ങിയ സിൽക്ക് സാരികൾ വില്ക്കപ്പെടാതെ കെട്ടിക്കിടപ്പുള്ളപ്പോൾ ഈ വർഷവും വാങ്ങാനുള്ള നടപടി സ്വീകരിക്കുന്നുണ്ടോ എന്നറിയിക്കാമോ ;

(എഫ്) ഉണ്ടെങ്കിൽ മേൽ നടപടി ശരിയാണോ എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly